# യോഹന്നാന്റെ ജീവപഠനം

## ദൂത് എട്ട്

## സന്മാർഗ്ഗികളുടെ ആവശ്യം-
## ജീവനാലുള്ള വീണ്ടുംജനനം

ജീവന്റെ തത്ത്വവും ജീവന്റെ ഉദ്ദേശ്യവും യോഹന്നാൻ രണ്ടാം അദ്ധ്യായത്തിൽ സ്ഥാപിച്ചതിനു ശേഷം മൂന്നാം അദ്ധ്യായം മുതൽ പതിനൊന്നാം അദ്ധ്യായം വരെ, ലേഖകൻ അദ്ധ്യായം രണ്ടിലെ ആദ്യത്തെ അടയാളത്തിൽ സ്ഥാപിച്ചിരിക്കുന്ന ജീവന്റെ തത്ത്വം തെളിയിക്കുന്നതിനായി ഒമ്പത് സംഭവങ്ങൾ വിവരിക്കുന്നു. ആത്മീയവും അർത്ഥവത്തുമായ ചില മർമ്മങ്ങളെ സൂചിപ്പിക്കുവാൻ ഈ സംഭവങ്ങൾ അവൻ ഉപയോഗിക്കുന്നു. ഈ സംഭവങ്ങൾ ആദ്യം മനുഷ്യന്റെ അവസ്ഥയും ആവശ്യവും തുറന്നു കാണിക്കുകയും പിന്നീട് ഈ അവസ്ഥകളുമായി കർത്താവിന് എങ്ങനെ ഇടപെടുവാനും മനുഷ്യന്റെ ആവശ്യങ്ങൾ എങ്ങനെ നിറവേറ്റുവാനും കഴിയുമെന്ന് വെളിപ്പെടുത്തുകയും ചെയ്യുന്നു. മനുഷ്യനെ സംബന്ധിച്ച എല്ലാ കാര്യങ്ങളും ജീവൻ നിറവേറ്റുന്നു. ഇവിടെ ജീവൻ എന്നാൽ കർത്താവുതന്നെ, ദൈവമായിരുന്നതും ജഡമായിത്തീർന്നതുമായ വചനം തന്നെയാണ് എന്നാണർത്ഥം എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. കർത്താവ് ആയിരക്കണക്കിന് മനുഷ്യകാര്യങ്ങളിൽ ഇടപെട്ടുകാണുമെങ്കിലും, എല്ലാ മനുഷ്യകാര്യങ്ങളുടെ ആവശ്യവും കർത്താവിന് ജീവനായി നിറവേറ്റുവാൻ എങ്ങനെ കഴിഞ്ഞു എന്നും, ഇപ്പോഴും കഴിയുന്നു എന്നും വിശദീകരിക്കുവാൻ ഇവയിൽ ഒമ്പത് എണ്ണം മാത്രമേ യോഹന്നാൻ തെരഞ്ഞെടുത്തുള്ളൂ.

## മനുഷ്യന്റെ അവസ്ഥയും ആവശ്യവും

ഒന്നാമതായി, ഓരോ സംഭവത്തിലും മനുഷ്യന്റെ അവസ്ഥ നമുക്ക് നോക്കാം. മൂന്നാം അദ്ധ്യായത്തിലെ ആദ്യത്തെ സംഭവം കർത്താവിന്റെ അടുക്കൽ വന്ന ഉന്നതനിലയിലുള്ള ധാർമ്മികനായ ഒരു വ്യക്തിയെക്കുറിച്ചാണ്. അവൻ മാന്യനും സംസ്കാരസമ്പന്നനും

വളരെ മതഭക്തനും ദൈവാന്വേഷിയും ദൈവഭയമുള്ളവനും ആകുന്നു. നാലാം അദ്ധ്യായത്തിലെ രണ്ടാമത്തെ സംഭവം തികച്ചും വിപരീതമായ അവസ്ഥയെ കാണിക്കുന്നു. ആദ്യത്തെ സംഭവം സന്മാർഗ്ഗിയായ മനുഷ്യനെക്കുറിച്ചും രണ്ടാമത്തേത് അസന്മാർഗ്ഗിയായ സ്ത്രീയെക്കുറിച്ചുമാണ്. ഒന്നാമത്തേത് സൗമ്യപ്രകൃതനായ ഉന്നതനിലയിലുള്ള ഒരു വ്യക്തിയെക്കുറിച്ചാണെങ്കിൽ രണ്ടാമത്തേത് പ്രാകൃതയായ താഴ്ന്ന നിലയിലുള്ള ഒരു സ്ത്രീയെക്കുറിച്ചാണ്. ഈ അധർമ്മിയായ സ്ത്രീ അഞ്ച് ഭർത്താക്കന്മാരുണ്ടായിരുന്നവളും തന്റെ ഭർത്താവല്ലാത്ത ആറാമതൊരാളോടൊപ്പം ജീവിക്കുന്നവളും ആയിരുന്നു. നാലാം അദ്ധ്യായത്തിലെ മൂന്നാം സംഭവം, രോഗബാധിതനും മരിക്കാറായവനുമായ ഒരു യുവാവിനെക്കുറിച്ചായിരുന്നു. അഞ്ചാം അദ്ധ്യായത്തിലെ നാലാമത്തെ സംഭവം മുപ്പത്തിയെട്ട് വർഷമായി രോഗബാധിതനായിരുന്ന ഒരു മനുഷ്യനെക്കുറിച്ചാണ്. അയാൾ തീരെ ക്ഷീണിതനും ഒരടി പോലും ചലിക്കാനാവാത്തവനും ആയിരുന്നു. ആറാം അദ്ധ്യായത്തിലെ അഞ്ചാമത്തെ സംഭവം ആഹാരം അന്വേഷിക്കുന്ന വിശപ്പുള്ള പുരുഷാരത്തെക്കുറിച്ചാണ്. ഏഴാം അദ്ധ്യായത്തിലെ ആറാമത്തെ സംഭവം ഏറ്റവും ശ്രേഷ്ഠമായ മതത്തിനും ഈ ജീവിതത്തിലെ മറ്റൊന്നിനും ശമിപ്പിക്കാനാവാതവണ്ണം ദാഹിക്കുന്ന ജനത്തെക്കുറിച്ചാണ്. എട്ടാം അദ്ധ്യായത്തിലെ ഏഴാമത്തെ സംഭവം പ്രദർശിപ്പിക്കുന്നത് ഘോരപാപം ചെയ്തവളും തന്റെ പാപത്താൽ കുറ്റം വിധിക്കപ്പെട്ടവളും ബന്ധനത്തിലായവളും ആയ പാപിനിയായ ഒരു സ്ത്രീയെയാണ്. ഒമ്പതും പത്തും അദ്ധ്യായങ്ങളിലുള്ള എട്ടാമത്തെ സംഭവം അന്ധനായി ജനിച്ച ഒരു വ്യക്തിയെക്കുറിച്ചാണ്. അവസാനമായി, പതിനൊന്നാം അദ്ധ്യായത്തിലെ ഒമ്പതാമത്തെ സംഭവം, മരിച്ച്, നാലു ദിവസമായി അടക്കപ്പെട്ട, ലാസറിനെക്കുറിച്ചാണ്.

ഈ ഒമ്പത് സംഭവങ്ങളിൽ പരാമർശിച്ചിരിക്കുന്ന മനുഷ്യരുടെ അവസ്ഥകൾ പ്രതിനിധാനം ചെയ്യുന്നത് സകല മനുഷ്യരുടെയും അവസ്ഥകളെയാണ്. ചില മനുഷ്യർ നിക്കോദേമൊസിനെപ്പോലെ നല്ലവരും മറ്റു ചിലർ ശമര്യാക്കാരിയായ സ്ത്രീയെപ്പോലെ ദുഷ്ടരുമാണ്. മറ്റുള്ളവർ കഫർന്നഹൂമിലെ യുവാവിനെപ്പോലെ മരിച്ചുകൊണ്ടിരിക്കുകയാണ്. മിക്കവരും മുപ്പത്തിയെട്ട് വർഷമായി രോഗബാധിതനായിരുന്ന മനുഷ്യനെപ്പോലെ ദുർബലരാണ്. നല്ലതു ചെയ്യുവാൻ അവർ ആഗ്രഹിക്കുന്നുവെങ്കിലും ആ ആഗ്രഹം പൂർത്തീകരിക്കുവാനുള്ള ശക്തി അവർക്കില്ല. അവർക്ക് മതത്തെ അറിയാമെങ്കിലും ദുർബലരായതുകൊണ്ട് അതിന്റെ നിലവാരങ്ങൾക്കൊത്ത് ജീവിക്കുവാനോ, ചട്ടങ്ങൾ നിറവേറ്റുവാനോ അവർക്ക് ശക്തിയില്ല. മറ്റുള്ളവർ വിശക്കുന്നവരും സുഖാനുഭൂതിക്കുവേണ്ടി കൊതിക്കുന്നവരുമാകുമ്പോൾ, മറ്റു ചിലർ തങ്ങളുടെ മനുഷ്യജീവിതത്തിന് നൽകാൻ കഴിയുന്നതി

ലുമധികം എന്തിനോവേണ്ടി ദാഹിക്കുന്നവരാണ്. ഈ ജീവിതത്തിൽ ഒന്നുകൊണ്ടും തൃപ്തിപ്പെടാത്തവണ്ണം ദാഹമുള്ളവരാണ് മറ്റു ചിലർ. ചിലർ തുടർച്ചയായി പാപങ്ങൾ ചെയ്യുന്നവരും അവരുടെ പാപങ്ങളുടെ ശിക്ഷാവിധിക്കും ബന്ധനത്തിനും കീഴിലായിരിക്കുന്നവരുമാണ്. ചിലർ അന്ധനായ മനുഷ്യനെപ്പോലെ ശാരീരികമായല്ല മറിച്ച് മനഃശാസ്ത്രപരമായും ആത്മീയമായും അന്ധരാണ്. അവസാനമായി, എല്ലാ മനുഷ്യരുടെയും അവസാനത്തെ അവസ്ഥ മരണമാണ്. കാരണം അവർ എല്ലാവരും മരണത്തിലാണ്. അതേസമയം എല്ലാവരും മരണത്തിലേക്കുള്ള പാതയിലുമാണ്. അവർ മുമ്പേതന്നെ മരിച്ചവരെങ്കിലും എല്ലാവരും പിന്നീട് മരിക്കും. മരണത്തിലേക്ക് പോകുന്ന എല്ലാ മനുഷ്യരും മരിച്ചവരാണ്. അതുകൊണ്ട് മേൽപ്പറഞ്ഞ ഒമ്പത് സംഭവങ്ങളും ചിത്രീകരിക്കുന്നത് എല്ലാ മനുഷ്യരുടെയും യഥാർത്ഥ അവസ്ഥകളെയാണ്. ഈ അവസ്ഥകൾ ജീവനായ കർത്താവിനുമാത്രം പൂർണ്ണമായി നിറവേറ്റാനാവുന്ന മനുഷ്യന്റെ ആവശ്യത്തിനുവേണ്ടി സംസാരിക്കുന്നു.

## ഓരോ വ്യക്തിയുടെയും അവസ്ഥയും ആവശ്യവും

ഈ ഒമ്പത് സംഭവങ്ങളിലെയും എല്ലാ അവസ്ഥകളും ഓരോ വ്യക്തിയിലും കാണാം. എല്ലാ മനുഷ്യരുടെയും എല്ലാ അവസ്ഥകളും ഒരു മനുഷ്യന് ഉണ്ടായിരിക്കാം. ഉദാഹരണത്തിന്, നിങ്ങളൊരു നല്ല മനുഷ്യനായിരിക്കാം. അല്ലെങ്കിൽ കുറഞ്ഞപക്ഷം നല്ല മനുഷ്യനായിരിക്കണമെന്ന താത്പര്യം നിങ്ങൾക്ക് ഉണ്ടായിരിക്കാം. നിങ്ങൾ ദൈവത്തെ ഭയപ്പെടുകയും അവനെ അന്വേഷിക്കുകയും ചെയ്യുന്ന തികഞ്ഞ മതഭക്തനുമായിരിക്കാം. എന്നാലും, അതേസമയം, എന്തെങ്കിലും അധമമായത്, മാന്യമല്ലാത്തത് നിങ്ങൾ ചെയ്തിട്ടുണ്ടായിരിക്കാം. നിങ്ങൾ ഉന്നത സദാചാരബോധമുള്ള മതഭക്തനായ മാന്യൻ ആയിരിക്കാം; എന്നാലും, ഹീനമായ ചിലത് ചെയ്തിട്ടുണ്ട്. ഒരു വശത്ത്, നിങ്ങളൊരു ഉന്നത നിലവാരത്തിലുള്ള വ്യക്തിയാണ്; മറുവശത്ത്, നിങ്ങൾ താഴ്ന്ന നിലവാരത്തിലുള്ള വ്യക്തിയുമാണ്.

നിങ്ങൾ രോഗിയും ധാർമ്മികവും ആത്മീയവുമായി മരിക്കാറായവനുമാണ്. ശാരീരികമായി നിങ്ങൾ നന്നായി ജീവിക്കുന്നുണ്ടെങ്കിലും ആത്മീയവും ധാർമ്മികവുമായി നിങ്ങൾ മരിച്ചുകൊണ്ടിരിക്കുകയാണ്. ശാരീരികമായിപ്പോലും പ്രതിദിനം നിങ്ങൾ മരിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ജീവിക്കുകയാണെന്ന് തോന്നുമെങ്കിലും, വാസ്തവത്തിൽ നിങ്ങൾ മരിക്കുകയാണ്.

നിങ്ങൾ ദുർബലനായ ഒരു വ്യക്തിയാണ് എന്നതാണ് നിങ്ങളുടെ മറ്റൊരവസ്ഥ. നന്മചെയ്യണമെന്ന് നിങ്ങൾക്ക് അറിയാം; ശരിയായത്

എന്താണെന്ന് നിങ്ങൾക്കറിയാം. എന്നാൽ അതിനുള്ള ശക്തി അല്ലെങ്കിൽ കഴിവ് നിങ്ങൾക്കില്ല. ഒരുപക്ഷേ നിങ്ങൾക്ക് ഇരുപത്തഞ്ച് വയസ്സ് പോലും ആയിട്ടില്ല, എങ്കിലും മുപ്പത്തെട്ട് വർഷമായി നിങ്ങൾ രോഗിയാണ്. മറ്റുള്ളവരെ സ്നേഹിക്കണം എന്ന് നിങ്ങൾക്കറിയാം, എന്നാൽ നിങ്ങൾ ബലഹീനനാണ്. ദൈവത്തിന്റെ ന്യായപ്രമാണങ്ങൾ എല്ലാം പാലിക്കുവാനും ദൈവത്തെ പ്രീതിപ്പെടുത്തുവാനും നിങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ നിങ്ങൾക്ക് അങ്ങനെ ചെയ്യുവാൻ കഴിയുന്നില്ല. അതായത്, നന്മ ചെയ്യണമെന്ന ആഗ്രഹം നിങ്ങൾക്കുണ്ട്, എന്നാൽ നിങ്ങൾ ആഗ്രഹിക്കുന്നത് ചെയ്യുവാനുള്ള കഴിവില്ല. നിങ്ങൾക്ക് ജീവന്റെ ശരിയായ ശക്തി ആവശ്യമാണ്.

വിശപ്പും ദാഹവും നിങ്ങളുടെ അവസ്ഥയുടെ രണ്ടു വിഷയങ്ങളാണ്. നിങ്ങൾ വിശപ്പുള്ള ഒരു വ്യക്തിയാണെന്ന് പലപ്പോഴും നിങ്ങൾക്ക് തോന്നുന്നു; പലപ്പോഴും ഒരു പി.എച്ച്.ഡി. ബിരുദത്തിനുവേണ്ടിയോ പണത്തിനുവേണ്ടിയോ സന്തോഷത്തിനുവേണ്ടിയോ നിങ്ങൾ ദാഹിക്കുന്നു. നിങ്ങളുടെ വിശപ്പടക്കുവാൻ ജീവന്റെ അപ്പമായി കർത്താവിനെ നിങ്ങൾക്കാവശ്യമാണ്. ദാഹം ശമിപ്പിക്കുവാൻ കർത്താവിന്റെ ജീവജലവും നിങ്ങൾക്ക് വേണം.

ഒരു വ്യക്തി എന്ന നിലയിൽ നിങ്ങൾ പാപം നിറഞ്ഞവനാണ് എന്നതാണ് നിങ്ങളിൽ കാണപ്പെടുന്ന മറ്റൊരവസ്ഥ. നിങ്ങൾ പാപം നിറഞ്ഞവനാണ്. നിങ്ങളൊരു പാപിയും പാപം ചെയ്യുന്നവനുമാണ്. നിങ്ങൾക്ക് കർത്താവിന്റെ ക്ഷമയും അതുപോലെ, ബന്ധനത്തിൽ നിന്ന് വിടുതലും ആവശ്യമാണ്.

മറ്റൊരു വശത്ത്, നിങ്ങൾ അന്ധതയുടെ അവസ്ഥയിലാണ്. നിങ്ങളുടെ ശാരീരിക കണ്ണുകൾക്ക് തികഞ്ഞ കാഴ്ചശക്തി ഉണ്ടായിരിക്കാമെങ്കിലും മനുഷ്യജീവിതത്തിന്റെ അർത്ഥം ഗ്രഹിക്കുവാനോ വിശേഷിച്ച് ആത്മീയ കാര്യങ്ങളെ കാണുവാനോ നിങ്ങൾക്ക് കഴിയുന്നില്ല. നിങ്ങൾ അന്ധനാണ്. അതുകൊണ്ട് നിങ്ങളുടെ കണ്ണുകൾ തുറക്കുവാനും നിങ്ങൾക്ക് കാഴ്ച നൽകുവാനും നിങ്ങൾക്ക് കർത്താവിനെ ആവശ്യമാണ്.

നിങ്ങളുടെ അവസാനത്തെ അവസ്ഥ ഒരു മരിച്ച മനുഷ്യന്റേതാണ്. അവൻ ക്രമേണ മരിച്ചുപോകും. നിങ്ങൾ ഒരു മരിച്ച വ്യക്തിയാണെന്ന് എപ്പോഴെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ? ആരും ആത്മാവിൽ ജീവനുള്ളവരല്ല–എല്ലാവരും മരിച്ചവരാണ്. നിങ്ങൾക്ക് കർത്താവായ യേശുവിന്റെ പുനരുത്ഥാനജീവൻ ആവശ്യമാണ്.

ഓരോ വ്യക്തിക്കും, തന്റെ വീണുപോയ അവസ്ഥയിൽ, ഈ ഒമ്പതു സംഭവങ്ങളിലെ എല്ലാ വശങ്ങളും ഉണ്ട്. ഓരോ വ്യക്തിയും ഒരു പരിധി വരെ ഇതിൽ ഏതെങ്കിലും ഒരവസ്ഥയിലാണ്. ഓരോ

അവസ്ഥയും ഓരോരുത്തന്റെയും യഥാർത്ഥ ആവശ്യത്തെ ചൂണ്ടിക്കാണിക്കുന്നു.

## മനുഷ്യന്റെ ആവശ്യം നിറവേറ്റുന്നതിൽ കർത്താവിന്റെ പര്യാപ്തത

ഈ ഒമ്പതു സംഭവങ്ങളിലും മനുഷ്യന്റെ അവസ്ഥയും ആവശ്യവും നാം കണ്ടു. കർത്താവിന് എങ്ങനെ മനുഷ്യന്റെ വീണുപോയ അവസ്ഥയിലേക്ക് വരുവാനും അവന്റെ ഓരോ ആവശ്യവും എങ്ങനെ നിറവേറ്റുവാനും കഴിയുന്നുവെന്ന് നമുക്ക് ഇനി കാണേണ്ടതുണ്ട്. ഓരോ സംഭവത്തിലും, മനുഷ്യന്റെ പോരായ്മകൾ പരിഹരിക്കുവാൻ കഴിവുള്ളവനായി കർത്താവ് അവനെത്തന്നെ അവതരിപ്പിക്കുന്നു. മനുഷ്യന്റെ ഓരോ ആവശ്യവും നിറവേറ്റുവാൻ കർത്താവ് പര്യാപ്തനാണെന്ന് ഈ ഒമ്പത് സംഭവങ്ങൾ പൂർണ്ണമായി തെളിയിക്കുന്നു.

നമുക്ക് വീണ്ടുംജനനം നൽകുവാൻ കർത്താവിന് കഴിയുമെന്ന് ഒന്നാമത്തെ സംഭവം സൂചിപ്പിക്കുന്നു. അത് നിക്കോദേമൊസിനെപ്പോലുള്ള ഒരു ഉത്തമവ്യക്തിക്കുപോലും ദൈവരാജ്യത്തിലേക്കുള്ള പ്രവേശനത്തിനായി ദൈവജീവൻ ലഭിക്കേണ്ടത് ആവശ്യമായിരുന്നു. പാപിയും അസംതൃപ്തയുമായ ശമര്യക്കാരി സ്ത്രീയുടെ സംഭവം, അത്തരത്തിലുള്ള ഒരു വ്യക്തിയെപ്പോലും കർത്താവിന് തന്റെ ജീവജലത്താൽ എത്രത്തോളം സംതൃപ്തമാക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുന്നു. മരിച്ചുകൊണ്ടിരിക്കുന്ന മനുഷ്യന്റെ സംഭവത്തിൽ, കർത്താവ് ജീവന്റെ സൗഖ്യമാക്കുന്ന ശക്തിയാകുന്നു. മുപ്പത്തെട്ട് വർഷമായി രോഗിയായിരുന്ന അവശനായ മനുഷ്യന്റെ സംഭവം കാണിക്കുന്നത് കർത്താവിന്റെ ജീവന്റെ ജീവിപ്പിക്കുന്ന ശക്തിയെയാണ്. ഭക്ഷണം ആവശ്യമായിരുന്ന വിശക്കുന്ന ജനക്കൂട്ടത്തിന്റെ സംഭവത്തിൽ, കർത്താവ് തന്നെത്തന്നെ ജീവന്റെ അപ്പമായി നൽകുന്നു. ദാഹിക്കുന്ന മനുഷ്യരുടെ കാര്യത്തിൽ, ഒഴുകുന്ന ജീവജലനദിയാൽ അവരുടെ ദാഹം ശമിപ്പിക്കുവാൻ കഴിയുമെന്ന് കർത്താവ് ഉറപ്പു നൽകുന്നു. പാപത്തിൽ ജീവിച്ച സ്ത്രീയുടെ കാര്യത്തിൽ, അത്തരത്തിലുള്ള ഒരുവളെ അവളുടെ പാപം നിറഞ്ഞ സാഹചര്യത്തിൽനിന്ന് വിടുവിക്കുവാനും ബന്ധനത്തിൽനിന്നു മോചിപ്പിക്കുവാനും കർത്താവ് പ്രാപ്തനാണ് എന്ന് നാം കാണുന്നു. അന്ധനായ മനുഷ്യന്റെ കാര്യത്തിൽ കർത്താവ് അവന്റെ കണ്ണുകൾ തുറന്ന് അവന് കാഴ്ച നൽകുന്നു. അവസാനമായി, മരിച്ച് അടക്കപ്പെട്ട്, കല്ലറയ്ക്കുള്ളിൽ ജീർണ്ണിക്കുകപോലും ചെയ്ത ലാസറിന്റെ സംഭവത്തിൽ, കർത്താവിന്റെ പുനരുത്ഥാനജീവന്റെ ശക്തി പൂർണ്ണമായും പ്രദർശിപ്പിച്ചിരിക്കുന്നു.

ഈ സംഭവങ്ങളിലെല്ലാം മനുഷ്യന്റെ ആവശ്യം നിറവേറ്റുവാനുള്ള കർത്താവിന്റെ പര്യാപ്തത വേണ്ടുംവണ്ണം തെളിയിച്ചിരിക്കുന്നു.

മനുഷ്യന്റെ ഒരവസ്ഥയും അവന് പരിഹരിക്കുവാൻ കഴിയാത്തതല്ല. അവന് നിറവേറ്റുവാൻ കഴിയാത്ത ഒരാവശ്യവുമില്ല. അവൻ കഴിവുള്ളവനാണ്! അവൻ പര്യാപ്തനാണ്! നമ്മുടെ എല്ലാ പ്രശ്നങ്ങളോടും ഇടപെടുവാനും നമ്മുടെ എല്ലാ ആവശ്യങ്ങൾക്കും സഹായം ചെയ്യുവാനും അവന് കഴിയും. അവന്റെ നാമത്തെ വാഴ്ത്തുക!

## വീണ്ടുംജനനം- പൂർണ്ണരക്ഷയ്ക്കുള്ള മുൻഉപാധി

ഈ ഒമ്പത് സംഭവങ്ങളിൽ കാണിക്കുകയും സൂചിപ്പിക്കുകയും ചെയ്തിരിക്കുന്നതായ കർത്താവിന്റെ വേലയുടെ എല്ലാ വശങ്ങളും കർത്താവിന്റെ സമ്പൂർണ്ണരക്ഷയുടെ വിവിധ വശങ്ങളാണ്. അവ 1)വീണ്ടുംജനനം 2) ജീവജലത്താലുള്ള സംതൃപ്തി 3) ജീവന്റെ സൗഖ്യദായക ശക്തി 4) ജീവന്റെ ശക്തിയാലുള്ള ചൈതന്യവൽക്കരണം 5) ജീവന്റെ അപ്പം കൊണ്ടുള്ള പോഷണം 6) ജീവജലനദികളാലുള്ള ദാഹശമനം 7) പാപത്തിൽനിന്നുള്ള മോചനം 8) അന്ധമായ കണ്ണുകൾ തുറക്കുന്നത് 9) പുനരുത്ഥാനം എന്നിവയാണ്. ഇവയെല്ലാം കർത്താവിന്റെ രക്ഷാപദ്ധതിയിൽ ഉൾപെടുത്തിയിരിക്കുന്നു. അതിൽ ആദ്യത്തേത് വീണ്ടുംജനനമാണ്. വീണ്ടുംജനനമാണ് ആത്മീയ ജീവിതത്തിന്റെ തുടക്കം. ആത്മീയ അനുഭവങ്ങളെല്ലാം വീണ്ടുംജനനത്തോടുകൂടെ ആരംഭിക്കുന്നു. നാം വീണ്ടുംജനിച്ചിട്ടുണ്ടെങ്കിൽ കർത്താവിന്റെ രക്ഷയുടെ മറ്റെല്ലാ കാര്യങ്ങളിലും പങ്കെടുക്കുവാൻ നാം യോഗ്യരാണ്. കർത്താവിന്റെ രക്ഷയുടെ മറ്റെല്ലാ കാര്യങ്ങളും അനുഭവിക്കാനുള്ള ഒരു മുൻവ്യവസ്ഥയാണ് വീണ്ടുംജനനം. വീണ്ടുംജനനത്തിന്റെ വിഷയം ഒന്നാമതായി രേഖപ്പെടുത്തുവാനുള്ള കാരണവും ഇതാണ്. മറ്റെല്ലാ അനുഭവങ്ങളും വീണ്ടുംജനനത്തിന്റെ അനുഭവത്തെ ആശ്രയിച്ചിരിക്കുന്നു. ജീവജലത്താൽ സംതൃപ്തരാകുവാൻ കഴിയുന്നതിനു മുമ്പ് ഒന്നാമത് നാം വീണ്ടുംജനിക്കണം. വീണ്ടുംജനനത്തിന്റെ ആദ്യാനുഭവത്തിന്റെ ഫലമാണ് ജീവജലം. വീണ്ടുംജനനമില്ലാതെ ഒരിക്കലും കർത്താവിന്റെ ജീവജലം നിങ്ങളിൽ ഉണ്ടായിരിക്കുവാൻ കഴിയുകയില്ല. മറ്റെല്ലാ അനുഭവങ്ങളെ സംബന്ധിച്ചും ഈ തത്ത്വം ഒന്നുതന്നെയാണ്. മരിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തി സൗഖ്യം പ്രാപിക്കുന്നതിനും എന്നേക്കും ജീവിക്കുന്നതിനും വീണ്ടുംജനിക്കേണ്ടത് ആവശ്യമാണ്. ബലഹീനനായ വ്യക്തിക്ക് ജീവന്റെ ശക്തിയാൽ ചൈതന്യം പ്രാപിക്കുവാൻ കഴിയേണ്ടതിന് ആദ്യം അവൻ വീണ്ടുംജനിക്കണം. ജീവന്റെ അപ്പമായി കർത്താവിനെ ഭക്ഷിക്കുവാൻ കഴിയുന്നതിനു മുമ്പ് ഒരു വ്യക്തി വീണ്ടുംജനിക്കണം. ജീവന്റെ പോഷണത്തിന്റെ ആസ്വാദനം വളരെയധികം വീണ്ടുംജനനത്തെ ആശ്രയിച്ചിരിക്കുന്നു. ജീവജലത്തിന്റെ ഒഴുക്ക് വീണ്ടുംജന

നത്തെ ആശ്രയിച്ചിരിക്കുന്നു. നിങ്ങൾ വീണ്ടുംജനിച്ചിട്ടില്ലെങ്കിൽ നിങ്ങളുടെ ദാഹം ശമിപ്പിക്കുവാൻ കർത്താവിന്റെ ജീവജലത്തിന് ഒരിക്കലും സാധിക്കുകയില്ല. പാപത്തിൽനിന്ന് മോചനം നേടുവാനും, അന്ധമായ നേത്രങ്ങൾ തുറക്കുവാനും നാം ആദ്യം വീണ്ടുംജനിക്കേണ്ടത് ആവശ്യമാണ്. പാപത്തിൽനിന്ന് മോചനം നേടുന്നതിൽ ഭാഗഭാക്കാകുവാനോ, ആത്മീയ കാഴ്ച സ്വീകരിക്കുവാനോ, വീണ്ടുംജനിക്കാതെ ആർക്കും സാദ്ധ്യമല്ല. കൂടാതെ, വീണ്ടുംജനനം അനുഭവമാക്കുന്നതിനു മുമ്പ് പുനരുത്ഥാന ജീവനിൽ പങ്കാളിയാകുവാൻ ആർക്കും കഴിയുകയില്ല. കർത്താവിന്റെ രക്ഷ വീണ്ടുംജനനത്തോടുകൂടെ ആരംഭിച്ച്, പുനരുത്ഥാനജീവനോടുകൂടെ അവസാനിക്കുന്നു. അങ്ങനെ മനുഷ്യന്റെ വീണ്ടുംജനനത്തിന്റെ ആവശ്യം വെളിപ്പെടുത്തുന്ന ആദ്യത്തെ സംഭവം, നിക്കോദേമൊസിന്റെ ദൃഷ്ടാന്തം നാം വളരെ ശ്രദ്ധയോടെ പരിശോധിക്കേണ്ടത് ആവശ്യമാണ്.

## കർത്താവ് ഏല്പിച്ചുകൊടുക്കുന്നു

നിക്കോദേമൊസിന്റെ കാര്യം പരിഗണിക്കുന്നതിനു മുമ്പ് കർത്താവിന് മനുഷ്യരോടുള്ള കർമ്മ ബാധ്യത അത്ഭുതങ്ങളിലല്ല, പിന്നെയോ ജീവനിലാണെന്ന് നാം മനസ്സിലാക്കണം (2:23-3:1).

3:1-ൽ എന്നാൽ എന്ന പദം നിക്കോദേമൊസിന്റെ കാര്യം മുൻപറഞ്ഞ വാക്യങ്ങളിലെ(23-25) സംഭവങ്ങളിൽ നിന്ന് വ്യത്യസ്തമാണ് എന്ന് സൂചിപ്പിക്കുന്നു. അവിടെ എല്ലാ സംഭവങ്ങളും കർത്താവ് പ്രവർത്തിച്ച അത്ഭുതങ്ങൾ കണ്ട് കർത്താവിൽ വിശ്വസിച്ച ജനത്തിന്റേതാണ്. ഇത്തരം ആളുകൾക്ക് സ്വയം ഏല്പിച്ചുകൊടുക്കുവാൻ കർത്താവിന് കഴിഞ്ഞില്ല. എന്നാൽ വീണ്ടുംജനനത്തിൽ ജീവന്റെ വിഷയമായ നിക്കോദേമൊസിന്റെ കാര്യം വെളിപ്പെടുത്തുന്നത്, യോഹന്നാന്റെ സുവിശേഷം അത്ഭുതകരമായ കാര്യങ്ങൾക്കുവേണ്ടിയല്ല, ജീവനുവേണ്ടി മാത്രമാകുന്നു എന്നാണ്. ഇതുകൊണ്ടാണ്, കർത്താവ് ചെയ്ത അത്ഭുതങ്ങളെപ്പോലും കർത്താവ് വന്നത് ജീവനുവേണ്ടിയാണ് അത്ഭുതങ്ങൾക്ക് വേണ്ടിയല്ല എന്നു സൂചിപ്പിക്കുവാൻ അടയാളങ്ങൾ എന്നു ഈ പുസ്തകത്തിൽ വിളിച്ചിരിക്കുന്നത്.

Wed

## വീണ്ടുംജനനം

ഒന്നാമത്തെ സംഭവമായ നിക്കോദേമൊസിന്റെ സംഗതി വീണ്ടുംജനനത്തിന്റെ കാര്യമാണ്. നിക്കോദേമൊസ് ഉയർന്ന നിലയിലുള്ള ഒരു വ്യക്തിയായിരുന്നു. അവന്റെ നന്മകളും ഗുണങ്ങളും നാം മാനിക്കണം. ഒന്നാമത്, അവൻ ഉന്നതവിദ്യാഭ്യാസം കൈവരിച്ച ഒരു ഉപദേഷ്ടാവായിരുന്നു. യെഹൂദന്മാരുടെ ഉപദേഷ്ടാവ് എന്ന നിലയിൽ, വിശുദ്ധവചനമാകുന്ന പഴയനിയമം അവൻ പഠിപ്പിച്ചിരുന്നു.

രണ്ടാമത്, നിക്കോദേമൊസ് യെഹൂദന്മാരുടെ ഒരു പ്രമാണി ആയിരുന്നു. ഒരു അളവിലുള്ള അധികാരവും മാന്യതയും ഉള്ള ഒരു സ്ഥാനം അവന് ഉണ്ടായിരുന്നു. മൂന്നാമത്, അവൻ പ്രായം ചെന്ന ഒരു മനുഷ്യനായിരുന്നു. പ്രായം ചെന്ന മനുഷ്യനെന്ന നിലയിൽ, അവന് വളരെ അനുഭവം ഉണ്ടായിരുന്നു. അനുഭവസമ്പത്ത് നിറഞ്ഞ ഒരു മനുഷ്യനായിരുന്നു അവൻ. നാലാമത്, സംശയമന്യേ അവൻ ഒരു സന്മാർഗ്ഗിയും നല്ലവനുമായിരുന്നു. സംസാരരീതി നോക്കിയാൽ അവൻ ഒരു സന്മാർഗ്ഗി ആയിരുന്നു എന്ന് നിങ്ങൾക്ക് മനസ്സിലാകും. അഞ്ചാമത്, നിക്കോദേമൊസ് സത്യമായും ദൈവത്തെ അന്വേഷിച്ച ഒരു മനുഷ്യനായിരുന്നു. അവൻ പരീശന്മാരെ ഏറെക്കുറെ ഭയപ്പെട്ടിരുന്നുവെങ്കിലും രാത്രിയിൽ അവൻ കർത്താവായ യേശുവിന്റെ അടുക്കൽ വന്നു. അവൻ ദൈവത്തെ അന്വേഷിക്കുന്നവനായിരുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു. ആറാമത്, അവൻ വളരെ താഴ്മയുള്ളവനായിരുന്നു. ഒരുപക്ഷേ, നിക്കോദേമോസ് അറുപതോ എഴുപതോ വയസ്സുള്ള ഒരു വൃദ്ധൻ ആയിരുന്നു. എങ്കിലും മുപ്പതുവയസ്സിന്മേൽ മാത്രം പ്രായമുള്ള കർത്താവായ യേശുവിനെ കാണുവാൻ അവൻ വന്നു. അത്തരത്തിൽ അനുഭവസമ്പത്തും വിദ്യാഭ്യാസവുമുള്ള പ്രായമേറിയ ഒരാൾ പ്രായത്തിൽ തന്നെക്കാൾ ഏറെ ഇളയവനായ ഒരുവനെ കാണുവാൻ വന്നു എന്നത് അവന്റെ വിനയത്തെ സൂചിപ്പിക്കുന്നു. എന്നുതന്നെയല്ല, നിക്കോദേമൊസ് ഒരു ഉപദേഷ്ടാവായിരുന്നിട്ടുകൂടി കർത്താവായ യേശുവിനെ, ഗുരോ എന്ന് സംബോധന ചെയ്തു. യെഹൂദന്മാരുടെ ഇടയിൽ ഗുരോ എന്ന് ഒരു വ്യക്തിയെ വിളിക്കുന്നത് നിങ്ങൾ സ്വയം വിനയപ്പെടുന്നു എന്ന് അർത്ഥമാക്കുന്നു. നിക്കോദേമൊസ് സത്യസന്ധനായ ഒരു മനുഷ്യനായിരുന്നു. അവന്റെ സംസാരം അവന്റെ സത്യസന്ധത വെളിവാക്കുന്നു. നിക്കോദേമൊസിനെക്കാൾ നല്ലവനായ ഒരു വ്യക്തിയെ നിങ്ങൾക്ക് കണ്ടെത്താനാവുമോ? അവൻ ഉയർന്ന നിലവാരവും, ഉന്നത നേട്ടവും, ധാർമ്മികതയുമുള്ള ഒരു മനുഷ്യനായിരുന്നു.

നിക്കോദേമൊസ് കർത്താവായ യേശുവിന്റെ അടുക്കൽ വന്നപ്പോൾ, മനുഷ്യവർഗ്ഗത്തിന്റെ യഥാർത്ഥ ആവശ്യം വെളിപ്പെടുത്തുവാൻ ആ സന്ദർഭം കർത്താവ് ഉപയോഗിച്ചു. നിക്കോദേമൊസുമായുള്ള തന്റെ സംഭാഷണത്തിൽ നാം എത്ര നല്ലവരായിരുന്നാലും, നമുക്ക് വീണ്ടുംജനനം ആവശ്യമാണെന്ന് കർത്താവ് വെളിപ്പെടുത്തി. വീണ്ടുംജനനമാണ് മനുഷ്യന്റെ ഒന്നാമത്തെ ആവശ്യം. സന്മാർഗ്ഗികൾക്കും അതുപോലെ, ദുർമ്മാർഗ്ഗികൾക്കും വീണ്ടുംജനനം ആവശ്യമാണ്. മനുഷ്യർ വീണുപോയതുകൊണ്ടാണ് തങ്ങൾക്ക് വീണ്ടുംജനനം ആവശ്യമായതെന്ന തെറ്റായ ധാരണ പല ക്രിസ്ത്യാനികളും വച്ചുപുലർത്തുന്നു. മനുഷ്യൻ ഒരിക്കലും വീണുപോയിരു

ന്നില്ലായിരുന്നെങ്കിൽ തന്നെയും, അവന് വീണ്ടുംജനനം ആവശ്യമായിരുന്നു. അതുകൊണ്ടായിരുന്നു ദൈവം അവനെ ജീവവൃക്ഷത്തിനു മുമ്പിൽ നിർത്തിയത്. ജീവവൃക്ഷത്തിൽ പങ്കാളിയായിരുന്നെങ്കിൽ, ആദാം വീണ്ടുംജനിക്കുമായിരുന്നു.

നാം മനുഷ്യരായതുകൊണ്ട് നമുക്കെല്ലാവർക്കും മനുഷ്യജീവനുണ്ട്. നമ്മുടെ മനുഷ്യജീവൻ നല്ലതോ ചീത്തയോ എന്ന കാര്യമല്ല പ്രശ്നം. നമുക്കുള്ളത് ഏതു തരത്തിലുള്ള മനുഷ്യജീവനാണെങ്കിലും, ദിവ്യജീവൻ ഇല്ലെങ്കിൽ നാം വീണ്ടുംജനിക്കണം. വീണ്ടുംജനനത്തിന്റെ അർത്ഥം നമ്മുടെ മനുഷ്യജീവനു പുറമേ ദിവ്യജീവൻ കൂടി ഉണ്ടായിരിക്കുക എന്നാണ്. ദിവ്യജീവൻ ഉൾക്കൊള്ളുവാനുള്ള ഒരു പാത്രമായിരിക്കണം മനുഷ്യൻ എന്നതാണ് ദൈവത്തിന്റെ നിത്യ നിർണയം. മനുഷ്യജീവനോടുകൂടിയ നമ്മുടെ ആളത്തം ദൈവത്തെ ജീവനായി ഉൾക്കൊള്ളുവാനുള്ള ഒരു പാത്രമാണ്. ദൈവത്തിന്റെ ലക്ഷ്യം ദിവ്യജീവനാണ്. ദൈവംതന്നെയാണ് ദിവ്യജീവൻ. മനുഷ്യ ജീവനുള്ളവരായ നാം നമ്മുടെ ആളത്തത്തിലേക്ക് യഥാർത്ഥ ജീവനായ ദിവ്യജീവൻ സ്വീകരിക്കണം എന്നതാണ് ദൈവത്തിന്റെ ലക്ഷ്യം. ഇതാണ് വീണ്ടുംജനനത്തിന്റെ ശരിയായ അർത്ഥം. നാം വീണുപോയതുകൊണ്ടും പാപത്തിലായതുകൊണ്ടുമാണ് വീണ്ടുംജനനം ആവശ്യമായിരിക്കുന്നത് എന്ന് ചിന്തിക്കുന്നതുകൊണ്ട് അനേക ക്രിസ്ത്യാനികൾക്കും ഈ സത്യത്തെക്കുറിച്ച് വ്യക്തത ഇല്ല. ഈ ധാരണപ്രകാരം നമ്മുടെ ജീവിതം മോശമായതുകൊണ്ടും നമുക്ക് പുരോഗമിക്കുവാൻ കഴിയാത്തതുകൊണ്ടും നാം വീണ്ടുംജനിക്കണം. ഈ ധാരണ തെറ്റാണ്. ഞാൻ ഒരിക്കൽകൂടി പറയുന്നു ഏദൻതോട്ടത്തിൽ ആദാം ഒരിക്കലും വീണുപോയിരുന്നില്ലെങ്കിലും അവന് വേറൊരു ജീവൻ, ദൈവജീവൻ ഉണ്ടാകേണ്ടതിന് വീണ്ടുംജനിക്കേണ്ടത് ആവശ്യമായിരുന്നു. അതുകൊണ്ട്, വീണ്ടുംജനിക്കുക എന്നാൽ ദിവ്യജീവനെ, ദൈവത്തെത്തന്നെ സ്വീകരിക്കുക എന്നാണ്.

വീണ്ടുംജനനത്തിന്റെ അർത്ഥമെന്താണ്? വീണ്ടുംജനനം ഏതെങ്കിലും തരത്തിൽ പുറമെയുള്ള മെച്ചപ്പെടുത്തലോ സംസ്കരണമോ അല്ല. അത് ജീവനില്ലാതെയുള്ള വെറുമൊരു മാറ്റമോ പരിവർത്തനമോ അല്ല. ഒരു പുതുജീവൻ ഉള്ളിലേക്ക് കൊണ്ടുവരുന്ന പുനർജനനമാണ് വീണ്ടുംജനനം. ഇത് പൂർണ്ണമായും പ്രവൃത്തിയുടെ വിഷയമല്ല, ജീവന്റെ വിഷയമാണ്. നമുക്ക് മുമ്പേയുള്ള ജീവനെ കൂടാതെ മറ്റൊരു ജീവൻ ഉണ്ടായിരിക്കുക എന്നതാണ് വീണ്ടുംജനനം. മാതാപിതാക്കളിൽനിന്ന് മനുഷ്യജീവൻ നാം സ്വീകരിച്ചു കഴിഞ്ഞു. ഇനി നമുക്ക് ദൈവത്തിൽനിന്ന് ദിവ്യജീവൻ സ്വീകരിക്കേണ്ടതുണ്ട്. ആയതുകൊണ്ട്, വീണ്ടുംജനനം എന്നാൽ നമുക്കു മുമ്പേതന്നെയുള്ള മനുഷ്യജീവൻ കൂടാതെ ദൈവത്തിന്റെ ദിവ്യജീവൻകൂടി ഉണ്ടായിരിക്കുക

എന്നാണ്. അതുകൊണ്ട്, വീണ്ടുംജനനത്തിന് മറ്റൊരു ജീവൻ ലഭിക്കുവാൻ ഇനിയുമൊരു ജനനം ആവശ്യമാണ്. വീണ്ടുംജനിക്കുക എന്നാൽ സ്വയം ക്രമപ്പെടുത്തുകയോ തിരുത്തുകയോ എന്നല്ല അർത്ഥം. അതിന്റെ അർത്ഥം ദൈവജീവൻ ഉണ്ടായിരിക്കുക എന്നതാണ്. അത് നമ്മുടെ മാതാപിതാക്കളിൽനിന്ന് ജനിക്കുക എന്നതിന്റെ അർത്ഥം നമ്മുടെ മാതാപിതാക്കളുടെ ജീവൻ ഉണ്ടായിരിക്കുക എന്നതുപോലെയാണ്. വീണ്ടുംജനിക്കുകയെന്നാൽ ദൈവത്തിൽനിന്ന് ജനിക്കുകയെന്നും(യോഹ.1:13) ദൈവത്തിൽനിന്ന് ജനിക്കുകയെന്നാൽ ദൈവജീവൻ, നിത്യജീവൻ ഉണ്ടായിരിക്കുക(3:15-16) എന്നുമാണ്. നമുക്ക് ദൈവജീവനുണ്ടെങ്കിൽ നാം ദൈവപുത്രന്മാരാണ്. ദൈവജീവൻ നമുക്ക് ദൈവപുത്രന്മാരാകുവാനുള്ള അവകാശം നൽകുന്നു(യോഹ.1:12). എന്തുകൊണ്ടെന്നാൽ, ഈ ജീവനിലൂടെ നമുക്ക് ദൈവത്തിന്റെ ദിവ്യസ്വഭാവം ഉണ്ടാകുകയും(2 പത്രൊ.1:4), ദൈവവുമായി ജീവബന്ധം, അതായത്, പുത്രത്വം ഉണ്ടാകുകയും ചെയ്യുന്നു(റോമ.8:15; ഗലാ.4:5-6)."ദത്തെടുക്കൽ"എന്നത് ഗ്രീക്കിൽ "പുത്രത്വം"എന്നാണ്.

## A. മനുഷ്യന്റെയും മതത്തിന്റെയും തെറ്റായ ധാരണ- മനുഷ്യനെ മെച്ചപ്പെടുത്തുവാൻ ഏറെ നല്ല ഉപദേശത്തിന്റെ ആവശ്യം

മനുഷ്യസംസ്കാരവും ജൂതമതവും ഹേതുവായി മനുഷ്യൻ ഔചിത്യപൂർവ്വം പെരുമാറണമെന്ന് നിക്കോദേമൊസ് ചിന്തിച്ചു. മനുഷ്യന് നല്ല സ്വഭാവമുണ്ടായിരിക്കുവാനും ദൈവത്തെ ശരിയായ രീതിയിൽ ആരാധിക്കുവാനും അവന് വളരെ ഉപദേശം ആവശ്യമാണെന്ന് അവൻ കരുതി. ദൈവത്തിൽനിന്നു വന്ന ഉപദേഷ്ടാവായി നിക്കോദേമൊസ് ക്രിസ്തുവിനെ കണക്കാക്കി. സ്വയം മെച്ചപ്പെടുവാൻ തനിക്ക് നല്ല ഉപദേശം ആവശ്യമുണ്ടെന്ന് നിക്കോദേമൊസ് ചിന്തിച്ചുകാണും എന്ന് ഇത് സൂചിപ്പിക്കുന്നു. അവന്റെ ആവശ്യം പുതുതായി ജനിക്കുക എന്നതായിരുന്നുവെന്ന് തുടർന്നു വരുന്ന വാക്യത്തിൽ കർത്താവിന്റെ ഉത്തരം അവന് വെളിവാക്കിക്കൊടുത്തു. പുതുതായി ജനിക്കുക എന്നാൽ സ്വാഭാവിക ജനനത്തിലൂടെ സ്വീകരിച്ച മനുഷ്യജീവനല്ലാതെ മറ്റൊരു ജീവനാൽ, ദിവ്യജീവനാൽ, വീണ്ടുംജനിക്കുകയാണ്. അതുകൊണ്ട് അവന്റെ യഥാർത്ഥ ആവശ്യം മെച്ചപ്പെട്ട ഉപദേശങ്ങൾ അല്ല, ദിവ്യജീവനായിരുന്നു. അറിവിന്റെ വൃക്ഷത്തിലേക്കുള്ള ഉപദേശങ്ങളാണ് നിക്കോദേമൊസ് അന്വേഷിച്ചിരുന്നത്. പക്ഷേ കർത്താവിന്റെ ഉത്തരം അവനെ ജീവവൃക്ഷത്തിന്റേതായ ജീവൻ ആവശ്യമാണ് എന്നതിലേക്ക് തിരിച്ചു(cf. ഉല്പ.2:9-17). വീണ്ടുംജനിക്കുകയാണ് അവന്റെ ആവശ്യമെന്ന് കർത്താവ് നിക്കോദേമൊസിനോട് തറപ്പിച്ചു പറഞ്ഞു. അങ്ങനെ മനുഷ്യന്റെ യഥാർത്ഥ ആവശ്യം മറ്റൊരു ജീവനാൽ വീണ്ടും

ജനിക്കുക എന്നതാണ്. നമുക്ക് ആവശ്യമായിരിക്കുന്നത് നമ്മെ ക്രമപ്പെടുത്തുവാനും തിരുത്തുവാനും ഉള്ള മതമോ ഉപദേശമോ അല്ല, മറിച്ച്, നമ്മെ വീണ്ടുംജനിപ്പിക്കുവാൻ മറ്റൊരു ജീവൻ, ദിവ്യജീവൻ ആണെന്ന് നാം എല്ലാവരും തിരിച്ചറിയണം. മനുഷ്യന് ദിവ്യജീവൻ ആവശ്യമായതുകൊണ്ട് അവന് വീണ്ടുംജനനം ആവശ്യമാണ്. നിങ്ങൾ എത്ര നല്ലവരാണെങ്കിലും, നിങ്ങൾക്ക് ഇപ്പോഴും ദൈവജീവനില്ല. ദിവ്യസ്വഭാവത്തോടുകൂടിയ ദൈവജീവൻ സ്വീകരിക്കുവാൻ നിങ്ങൾക്ക് മറ്റൊരു ജനനം ആവശ്യമാണ്. നിങ്ങൾ നല്ലവനാണെന്ന് നിങ്ങൾക്ക് തോന്നാമെങ്കിലും നിങ്ങൾക്ക് തന്റെ ദിവ്യസ്വഭാവത്തോടുകൂടിയ ദൈവജീവൻ ഇല്ലെന്ന് നിങ്ങൾ സമ്മതിച്ചേ തീരൂ. മറ്റൊരു ജീവൻ, ദൈവത്തിന്റെ ദിവ്യജീവൻ സ്വീകരിക്കുവാൻ ഇനിയുമൊരു ജനനം, വീണ്ടുംജനനം ആവശ്യമാണ്.

കർത്താവിന്റെ മറുപടി നിക്കോദേമൊസിന്റെ മാനുഷികമായ, പരമ്പരാഗതമായ, മതപരമായ ധാരണയെ മാറ്റിമറിച്ചു. കർത്താവ് നിക്കോദേമൊസിനോട് ഇങ്ങനെ പറയുന്നതായി തോന്നും, നിക്കോദേമൊസേ, നിനക്ക് ആവശ്യമുള്ളത് ഉപദേശമല്ല, മറ്റൊരു ജീവനാണ്, നീ എത്ര നല്ലവനാണെങ്കിലും നിനക്ക് മനുഷ്യജീവൻ മാത്രമേയുള്ളു. നിനക്ക് ദിവ്യജീവൻ ആവശ്യമാണ്. നിക്കോദേമൊസേ, അറിവ് അന്വേഷിക്കുന്നതിലൂടെ നീ അറിവിന്റെ വൃക്ഷത്തിന്റെ വഴിയിലാണെന്ന് തിരിച്ചറിയുന്നില്ലേ? നീ ജീവവൃക്ഷത്തിന്റെ പാതയിലല്ല. നിക്കോദേമൊസ് പുതിയ യെരുശലേമിലേക്ക് അവനെ നയിക്കുന്ന ജീവവൃക്ഷത്തിന്റെ പാതയിലായിരുന്നില്ല, മറിച്ച്, തീപ്പൊയ്കയിലേക്ക് അവനെ കൊണ്ടുപോകുന്ന പാതയിലായിരുന്നു. എന്നിരുന്നാലും തെറ്റായ വൃക്ഷത്തിൽ പങ്കാളിയാവുകയാണ് താനെന്ന് നിക്കോദേമൊസ് അറിഞ്ഞില്ല.

## B. മനുഷ്യന്റെ യഥാർത്ഥ ആവശ്യം–പുതിയതായി ജനിക്കുക

### *1. അമ്മയുടെ ഉദരത്തിൽ കടക്കാതെ വീണ്ടുംജനിക്കുക*

താൻ പുതിയതായി ജനിക്കേണ്ടതുണ്ടെന്ന് കേട്ടപ്പോൾ നിക്കോദേമൊസ് ചിന്തിച്ചത് അമ്മയുടെ ഉദരത്തിലേക്ക് തിരിച്ചുപോയി വീണ്ടും പുറത്ത് വരണമെന്നായിരുന്നു. തന്റെ ആത്മാവിനെ പ്രയോഗിക്കേണ്ടത് എങ്ങനെയെന്ന് അവന് അറിവില്ലായിരുന്നുവെന്ന് അവന്റെ മറുപടി തെളിയിക്കുന്നു. കർത്താവിന്റെ വാക്ക് അവൻ തെറ്റിദ്ധരിച്ചു. അപ്പോൾ കർത്താവായ യേശു, ജഡത്താൽ ജനിച്ചത് ജഡമാകുന്നു എന്നു പറഞ്ഞു. അവൻ നിക്കോദേമൊസിനോട് ഇങ്ങനെ പറയുന്നതായി തോന്നും,“എത്ര തവണ അമ്മയുടെ ഉദരത്തിലേക്ക് തിരിച്ചുപോയി വീണ്ടും പുറത്തുവന്നാലും, നീ അപ്പോഴും ജഡമായിരിക്കും. ജഡത്താൽ ജനിച്ചത് ജഡമാകുന്നു. നിക്കോദേമൊസേ,

നിനക്ക് അമ്മയുടെ ഉദരത്തിലേക്ക് തിരിച്ചുപോകുവാനും രണ്ടാമതൊരിക്കൽ ജനിക്കുവാനും കഴിയുകയില്ലെന്ന് നീ പറയേണ്ട ആവശ്യമില്ല. കാരണം നിനക്ക് അത് ചെയ്യുവാൻ കഴിഞ്ഞാൽപോലും, നീ അതുതന്നെയായിരിക്കും. അങ്ങനെ നിനക്ക് പുതുതായി ജനിക്കുവാനും വീണ്ടും യുവാവാകുവാനും കഴിഞ്ഞാൽപോലും, മറ്റൊരു അറുപതോ എഴുപതോ വർഷത്തിനു ശേഷം നീ ഇപ്പോഴുള്ളതുപോലെ തന്നെയായിരിക്കും. നിനക്ക് ആ തരത്തിലുള്ള പുനർജ്ജനനം ആവശ്യമില്ല."നിക്കോദേമൊസിന് കാലത്തിലുള്ള വേറൊരു ജനനം അല്ല, സ്വഭാവത്തിൽ മറ്റൊരു ജനനം ആവശ്യമായിരുന്നു.

### *2. വെള്ളത്താലും ആത്മാവിനാലും ഉള്ള ജനനം*

"യേശു മറുപടി പറഞ്ഞു, സത്യമായി ഞാൻ നിന്നോട് പറയുന്നു. ഒരു മനുഷ്യൻ വെള്ളത്താലും ആത്മാവിനാലും ജനിക്കുന്നില്ല എങ്കിൽ, ദൈവരാജ്യത്തിൽ കടക്കുവാൻ അവന് കഴിയുകയില്ല." നൂറ്റാണ്ടുകളുടനീളം ക്രിസ്ത്യാനികൾ അവരുടെ ആത്മാവിനു പകരം അവരുടെ മനോഭാവത്തെ പ്രയോഗിച്ചതുകൊണ്ട് ഈ വാക്യത്തെ സംബന്ധിച്ച വ്യത്യസ്തമായ പല വ്യാഖ്യാനങ്ങൾക്ക് രൂപം നൽകി. ഈ വാക്യത്തിൽ വെള്ളം വചനത്തെ സൂചിപ്പിക്കുന്നു എന്നും, വെള്ളത്താലും ആത്മാവിനാലുമുള്ള ജനനം വചനത്താലും ആത്മാവിനാലും ജനിക്കുന്നു എന്നർത്ഥമാക്കുന്നുവെന്നും, അമ്പത് വർഷത്തിനു മുമ്പ് എന്നെ പഠിപ്പിച്ചിരുന്നു. ഉദാഹരണ വാക്യങ്ങളായി പത്രൊസ് 1:23-ഉം യാക്കോബ് 1:18-ഉം നൽകിയിരുന്നു. മറ്റൊരു വ്യാഖ്യാനം, വേദപുസ്തകത്തിലെ ഈ ഭാഗത്തിന്റെ ഏറ്റവും മോശമായ വ്യാഖ്യാനം, വെള്ളം സൂചിപ്പിക്കുന്നത് അമ്മയുടെ ഗർഭപാത്രത്തിലെ ദ്രാവകത്തെയാണ് എന്നതാണ്. ഈ വ്യാഖ്യാനപ്രകാരം രണ്ടു പ്രാവശ്യം ജനിക്കുന്നതിൽ, ഒന്നാമത്തേത് അമ്മയുടെ ഉദരത്തിലെ വെള്ളത്തിൽ നിന്ന് ജനിക്കുകയും രണ്ടാമത്തേത് പരിശുദ്ധാത്മാവിനാൽ ജനിക്കുകയുമാണ്. ഈ വ്യാഖ്യാനം തികച്ചും യുക്തിരഹിതമാണ്. നാം ഇത് മറക്കണം.

ഈ വാക്യത്തെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ നമുക്ക് യുക്തിയുക്തവും ഉറച്ചതുമായ ഒരു നിലപാട് ആവശ്യമാണ്. നിക്കോദേമൊസും കർത്താവായ യേശുവും സ്പഷ്ടമായ വാക്കുകളിലൂടെ സംസാരിക്കുകയായിരുന്നു എന്നു നാം സമ്മതിക്കണം. കർത്താവായ യേശു നിക്കോദേമൊസിനോട് സ്പഷ്ടമായ വാക്കുകളിലല്ല സംസാരിച്ചിരുന്നതെങ്കിൽ, അവൻ ഒരു തരത്തിലുള്ള വ്യാഖ്യാനം അവന് നൽകുമായിരുന്നു. ഒരുപക്ഷേ നിക്കോദേമൊസ് വെള്ളം എന്നതുകൊണ്ട് കർത്താവ് എന്താണ് അർത്ഥമാക്കുന്നതെന്ന് കർത്താവിനോട് ചോദിക്കുമായിരുന്നു. എങ്ങനെയായാലും, കർത്താവായ യേശു അവന്റെ വാക്കുകളെ വ്യാഖ്യാനിക്കുകയോ, നിക്കോദേമൊസ് അവയുടെ വ്യാഖ്യാനത്തിനുവേണ്ടി അപേക്ഷിക്കുകയോ ചെയ്തില്ല, എന്നത്

അവർക്ക് രണ്ടുപേർക്കും വാക്കുകൾ വ്യക്തമായിരുന്നു എന്ന് തെളിയിക്കുന്നു. ഒരു തരത്തിലുള്ള വിശദീകരണവും കൂടാതെ വെള്ളത്താലും ആത്മാവിനാലും എന്നീ വാക്കുകൾ നിക്കോദേമൊസ് സ്പഷ്ടമായി മനസ്സിലായിരിക്കണം. ഇതേ വാക്കുകൾ തന്നെ യോഹന്നാൻ സ്നാപകൻ മത്തായി 3:11-ൽ പരീശന്മാരോട് സംസാരിച്ചപ്പോൾ, അവ പൂർണ്ണമായും പരീശന്മാർക്കിടയിൽ മനസ്സിലാക്കിയിട്ടുണ്ടാകും. താൻ വെള്ളത്താൽ സ്നാനം കഴിപ്പിക്കുന്നു എന്നും, എന്നാൽ തന്റെ പിന്നാലെ വരുന്നവൻ ആത്മാവിനാൽ സ്നാനം കഴിപ്പിക്കുമെന്നും, യോഹന്നാൻ അവരോട് പറഞ്ഞു. യോഹന്നാന്റെ ഈ വാക്ക് കേട്ടശേഷം ആ സമയത്ത് അതൊരു പുതിയ പ്രസ്താവന ആയിരുന്നതുകൊണ്ട് ഒരുപക്ഷേ പരീശന്മാർ ഇത് അവരുടെ ഇടയിൽ ചർച്ച ചെയ്തിരിക്കാം. പരീശന്മാർ തികച്ചും ഗൗരവമുള്ളവർ ആയിരുന്നതുകൊണ്ട് യോഹന്നാൻ സ്നാപകൻ സംസാരിച്ച വാക്കുകൾ കേട്ടശേഷം ഇതേക്കുറിച്ച് ദീർഘമായി അവർ സംസാരിച്ചിരിക്കാം. നിക്കോദേമൊസ് ഒരു പരീശനായിരുന്നതുകൊണ്ട്, ഈ വാക്കുകൾ അവന് സുപരിചിതമായിരുന്നിരിക്കണം. ഇപ്പോൾ നിക്കോദേമൊസ് പരീശന്മാരിലൊരുവൻ എന്ന നിലയിൽ, കർത്താവിനോട് സംസാരിക്കുന്നു. പുതുതായി ജനിക്കുകയെന്നാൽ വെള്ളത്താലും ആത്മാവിനാലും ജനിക്കുകയാണെന്ന സുപരിചിതമായ വാക്കുകൾ കർത്താവ് അവനോട് സംസാരിക്കുന്നു.

യോഹന്നാന്റെ ശുശ്രൂഷയുടെ മുഖ്യ അടയാളം വെള്ളം, അതായത് പഴയ സൃഷ്ടിയിൽപെട്ട ജനത്തെ കുഴിച്ചിടുകയും അവസാനിപ്പിക്കുകയും ചെയ്യുന്നത്, ആണ്. യോഹന്നാൻ സ്നാപകൻ തന്റെ ശുശ്രൂഷയിൽ വെള്ളംകൊണ്ട് സ്നാനം കഴിപ്പിക്കുവാൻ വന്നു. ജനത്തോട് അവർ മാനസാന്തരപ്പെടണമെന്നും, അവർ വീണുപോയവരും അടക്കത്തിനല്ലാതെ മറ്റൊന്നിനും കൊള്ളാത്തവർ ആണെന്നും ഗ്രഹിക്കണമെന്നും അവൻ പറഞ്ഞു. യോഹന്നാന്റെ പ്രസംഗം കേട്ട് മാനസാന്തരപ്പെട്ട എല്ലാവരും സ്നാനമേറ്റു. ഇതിന്റെ അർത്ഥം പഴയ സൃഷ്ടിയിൽപെട്ട വീണുപോയ മനുഷ്യർ എന്ന നിലയിൽ, അവർ അവസാനിപ്പിക്കപ്പെട്ടു എന്നായിരുന്നു. അതായിരുന്നു യോഹന്നാന്റെ ശുശ്രൂഷ. കൂടാതെ, തന്റെ ശുശ്രൂഷ കർത്താവായ യേശുവിന്റെ ശുശ്രൂഷയ്ക്കുവേണ്ടി ആയിരുന്നു എന്ന് അവൻ ജനത്തോട് പറഞ്ഞു. യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയിൽ വെള്ളം മുഖ്യ അടയാളം ആയിരിക്കുന്നതുപോലെ, യേശുവിന്റെ ശുശ്രൂഷയുടെ മുഖ്യമായ ലക്ഷണം ആത്മാവ്, അതായത് പുതിയ സൃഷ്ടിയിലേക്ക് ജനത്തെ മുളപ്പിക്കുന്നത് ആണ്. ഈ രണ്ട് പ്രധാന ചിന്തകൾ, വെള്ളവും ആത്മാവും കൂട്ടിച്ചേർക്കുമ്പോൾ വീണ്ടുംജനനം എന്ന വിഷയത്തിന്റെ പൂർണ്ണമായ ധാരണ ലഭിക്കുന്നു. വീണ്ടുംജനനം, പുതുതായി ജനിക്കുക എന്നത്, പഴയ സൃഷ്ടിയിൽപെട്ട ആളുകളെ അവരുടെ എല്ലാ പ്രവർത്തികളോടുംകൂടെ, അവസാനിപ്പിക്കുകയും, ദിവ്യജീവനോടു

കൂടെ പുതിയ സൃഷ്ടിയിൽ അവരെ മുളപ്പിക്കുകയും ചെയ്യുന്നതാണ്. വീണ്ടുംജനിക്കുക എന്നാൽ എന്താണർത്ഥം? അതിന്റെ അർത്ഥം വെള്ളം മുഖാന്തരം യോഹന്നാന്റെ ശുശ്രൂഷയിൽ അവസാനിപ്പിക്കുകയും ആത്മാവ് മുഖാന്തരം യേശുവിന്റെ ശുശ്രൂഷയാൽ മുളപ്പിക്കുകയും ചെയ്യുക എന്നാണ്.

ഇന്ന് യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷ നമുക്ക് എങ്ങനെ ഉണ്ടാകും? മാനസാന്തരത്താൽ അത് നമുക്കുണ്ട്. ഒരു വ്യക്തി മാനസാന്തരപ്പെട്ട്, താൻ ഒന്നിനും കൊള്ളാത്ത, വീണുപോയ ഒരുവനാണെന്ന് പറയുമ്പോൾ അത് യോഹന്നാന്റെ ശുശ്രൂഷയുടെ സ്വീകരണമാണ്. തീർച്ചയായും, യോഹന്നാൻ വാച്യാർത്ഥത്തിൽ വരണമെന്നില്ല; കാരണം അവന്റെ ശുശ്രൂഷ പുതിയനിയമത്തിൽ നേരത്തെ തന്നെ ഉണ്ട്. നാം സുവിശേഷം പ്രസംഗിക്കുമ്പോൾ, നാം ആദ്യം യോഹന്നാന്റെ ശുശ്രൂഷ പ്രസംഗിക്കുന്നു. അതിനാലാണ് പാപത്തെയും മാനസാന്തരത്തെയും കുറിച്ച് നാം വളരെയേറെ സംസാരിക്കുന്നത്. നാം ഇന്നത്തെ യോഹന്നാൻ സ്നാപകൻ ആണ്. ഞാൻ നാല്പത് വർഷം മുമ്പ് യോഹന്നാൻ സ്നാപകൻ ആയിരുന്നു; ആ ശുശ്രൂഷ മൂലം അനേകർ മാനസാന്തരപ്പെട്ടു. അത് എന്റെ ശുശ്രൂഷ ആയിരുന്നില്ല; അത് യോഹന്നാന്റേത് ആയിരുന്നു. ഈ ശുശ്രൂഷ സ്വീകരിക്കുന്നവരെല്ലാം, ഒരർത്ഥത്തിൽ അവസാനിപ്പിക്കപ്പെടുന്നു; വേറൊരർത്ഥത്തിൽ, വെള്ളത്താൽ ജനിക്കുന്നു. മാനസാന്തരത്തിനു ശേഷം, ഓരോരുത്തനും കർത്താവായ യേശുവിൽ വിശ്വസിക്കുകയും, മുളയ്ക്കുവാനായി അവന്റെ ശുശ്രൂഷ സ്വീകരിക്കുകയും ചെയ്യണം. രക്ഷ സ്വീകരിക്കുവാനായി, നമുക്ക് മാനസാന്തരവും വിശ്വാസവും ആവശ്യമാണ്. മാനസാന്തരപ്പെടുക എന്നാൽ യോഹന്നാന്റെ ശുശ്രൂഷ സ്വീകരിക്കുക എന്നും, വിശ്വസിക്കുക എന്നാൽ കർത്താവായ യേശുവിന്റെ ശുശ്രൂഷ സ്വീകരിക്കുക എന്നുമാണ്. ഇതാണ് വീണ്ടുംജനനം. നാം എല്ലാവരും ഈ വീണ്ടുംജനന പ്രക്രിയയിലൂടെ കടന്നുപോയിട്ടുണ്ട്. വെള്ളത്താലും ആത്മാവിനാലും ജനിക്കുക എന്നാൽ എന്താണ് അർത്ഥം എന്ന് ഇപ്പോൾ നമുക്ക് മനസ്സിലാകുന്നു.

നിക്കോദേമൊസിന്റെ സാഹചര്യം കർത്താവ് അവന് വ്യക്തമാക്കികൊടുത്തു. എല്ലാവരും, അവർ നല്ലവരോ കൊള്ളരുതാത്തവരോ ആയാലും, വെള്ളം മുഖാന്തരം അവസാനിപ്പിക്കപ്പെടുകയും, ദിവ്യ ജീവനാൽ മുളപ്പിക്കപ്പെടുകയും വേണം. ഇതാണ് രണ്ടാമത്തെ ജനനം, അമ്മയുടെ ഉദരത്തിൽ നിന്നല്ലാതെ വെള്ളത്താലും ആത്മാവിനാലും ഉള്ളതായ ജനനം.